പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 304 28.10.2019-ൽ മറുപടിക്ക്

**കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ കാത്ത് ലാബ്**

| ചോദ്യം<br>ഡോ.എൻ. ജയരാജ് | | മറുപടി<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | (എ) | കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ അനുവദിച്ച കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള ടേൺ കീ ജോലികൾ വിതരണ കമ്പനിയായ മെസ്സേഴ്സ് വിപ്രോ ജി.ഇ. ഹെൽത്ത് കെയർ പൂർത്തിയാക്കിയിട്ടുണ്ട്. കാത്ത് ലാബിനൊപ്പം ആവശ്യമുള്ള സി.സി.യു.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മെസ്സേഴ്സ് എച്ച്.എൽ.എൽ. ലൈഫ് കെയർ ആരംഭിച്ചിട്ടുണ്ട്. ഹൈടെൻഷൻപവർ സപ്ലൈ നൽകുന്നതിനുള്ള ഇലക്ട്രിക്കൽ ജോലികൾ പുരോഗമിച്ചു വരികയാണ്. |
| (ബി) | കാത്ത് ലാബ് സ്ഥാപിക്കുന്നതിന് നിലവിൽ എന്ത് തടസ്സമാണ് ഉള്ളതെന്ന് വിശദമാക്കുമോ; | (ബി) | കാത്ത് ലാബിനുള്ള സിവിൽ വർക്കുകൾ പൂർത്തിയായി വരുന്നു. ജനറേറ്റർ റൂം, സബ്സ്റ്റേഷൻ എന്നിവയുടെ സിവിൽ ജോലികളും പൂർത്തിയായിട്ടുണ്ട്. ഹൈടെൻഷൻ പവർ സപ്ലൈയുടെ ഇലക്ട്രിക്കൽ ജോലികൾ 2019 നവംബർ മാസത്തോടെ പൊതുമരാമത്ത് ഇലക്ട്രിക്കൽവിഭാഗം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | പ്രസ്തുത ലാബിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പവർ സപ്ലൈയ്ക്കുള്ള ഇലക്ട്രിക്കൽ ജോലികൾ പൂർത്തിയായി സപ്ലൈ ലഭിക്കുന്ന മുറയ്ക്ക് കാത്ത് ലാബിന്റെ പണികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ